# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ

ചോദ്യം നമ്പർ. *233 05/10/2016 -ൽ മറുപടിയ്ക്ക്

## ക്ഷീര വികസന പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി .ടി. ബൽറാം<br>ശ്രീ.കെ.സി. ജോസഫ്<br>ശ്രീ.അനിൽ അക്കര | ശ്രീ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) സംസ്ഥാനത്ത് ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിന് ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, മിൽക്ക് ഷെഡ് ഡവലപ് മെന്റ് പ്രോഗ്രാം, ഇന്റഗ്രേറ്റഡ് ഡയറി ഡവലപ്മെന്റ് പ്രോഗ്രം, ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം, പാൽഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി, ആവശ്യാധിഷ്ഠിത ധനസഹായം എന്നീ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്. കൂടാതെ ക്ഷീരകർഷകരെ ഈ മേഖലയിൽ നിലനിറുത്തിക്കൊണ്ട് ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിന് വേണ്ടി ക്ഷീരകർഷക ക്ഷേമനിധിയുടെ പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം,മരണാനന്തര ധനസഹായം എന്നിവ നൽകിവരുന്നു.ക്ഷീരകർഷകർക്ക് സഹായമാകുന്ന വിധത്തിൽ കന്നുകാലി ഇൻഷ്വറൻസ്, ഫാം യന്ത്രവൽക്കരണം, കിടാരി വളർത്തൽ, സംരംഭകവികസന പദ്ധതികൾ, ബാങ്ക് വായ്പയുടെ പലിശയ്ക്ക് സബ്സിഡി, ചെറുകിട ഡയറി യൂണിറ്റുകൾ എന്നിവ പതിമൂന്നാം പഞ്ചവൽസര പദ്ധതിയിൽ ആസൂത്രണം ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇതിനായി നിലവിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കി വരുന്നതെന്ന് വിശദമാക്കുമോ; | (ബി) | **(i) <u>മിൽക്ക് ഷെഡ് വികസന പദ്ധതി (MSDP)</u>**<br>ഉല്പാദനക്ഷമതയുള്ള സങ്കരയിനം പശുക്കളെ ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്ന പദ്ധതിയാണിത്. തെരഞ്ഞെടുക്കപ്പെട്ട ക്ഷീരകർഷകർക്ക് 2 പശു, 5 പശു, 10 പശു 5 കിടാരി, 10 കിടാരി വരെയുള്ള ഡയറി യൂണിറ്റുകൾക്ക് ധനസഹായം, ക്ഷീര-കർഷകന് ആവശ്യാധിഷ്ഠിത സഹായം, കറവയന്ത്രം, കാലിത്തൊഴുത്ത് നിർമ്മാണം വുമൺ ക്യാറ്റിൽ കെയർ പ്രോഗ്രാം തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു.<br>**(ii) <u>ഇന്റഗ്രേറ്റഡ് ഡെയറി ഡെവലപ് മെന്റ് പ്രോഗ്രാം (IDDP)</u>**<br>ഈ പദ്ധതിയിൽ ഉൾപ്പെടുത്തി 2795 കറവപശുക്കളേയും 550 കിടാരികളേയും പുതുതായി എറണാകുളം, കൊല്ലം ജില്ലകൾക്ക് മാത്രമായി അനുവദിച്ചിട്ടുണ്ട്. 408 കർഷകർക്ക് വിവിധ ആവശ്യങ്ങൾക്കായി ധനസഹായവും 120 കറവയന്ത്രങ്ങൾക്കും 79 ശാസ്ത്രീയ കാലിത്തൊഴുത്തുകൾക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്. തീറ്റപ്പുൽ കൃഷി വികസന പദ്ധതി, ഗ്രാമീണ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും നടത്തിവരുന്നു. കൂടാതെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന പാലിന് ഇൻസെന്റീവ് നൽകി വരുന്നു<br>**(iii) <u>പ്രത്യേക കന്നുകാലി വികസന പദ്ധതി</u>**<br>ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി കന്നുകുട്ടികൾ പൂർണ്ണവളർച്ചയെത്തുന്ന പ്രായം കുറച്ചുകൊണ്ടു വരികയും പ്രസവങ്ങൾക്കിടയിലുള്ള കാലദൈർഘ്യം കുറയ്ക്കുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 2001-2002 മുതൽ സംസ്ഥാനാവിഷ്കൃത പദ്ധതിയിൻ കീഴിൽ മൃഗസംരക്ഷണ വകുപ്പിന്റെ മാർഗ്ഗ നിർദ്ദേശത്തിൽ തദ്ദേശസ്വയംഭരണ സർക്കാരുകളാണ് ഈ വികസന പദ്ധതി നടപ്പാക്കുന്നത്. |

2016-17 വർഷത്തിൽ R.K.V.Y, (രാഷ്ട്രീയ കൃഷി വികാസ് യോജന) തദ്ദേശഭരണ സ്ഥാപനങ്ങൾ, സംസ്ഥാന പദ്ധതി എന്നിവയുടെ സഹായത്തോടെ എരുമക്കുട്ടികൾ ഉൾപ്പെടെ 25778 കന്നുകുട്ടികളെ ഈ പദ്ധതിയിൽ പുതുതായി ചേർക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ 2015-16—ൽ എൻറോൾ ചെയ്ത 19374 കന്നുകുട്ടികൾക്കുള്ള രണ്ടാം വർഷ സഹായവും ലഭ്യമാക്കും. സംയോജിത പദ്ധതി തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പാക്കും.

(സി) ക്ഷീരോൽപാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പുതിയ പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, ത്രിതല പഞ്ചായത്തുകൾ എന്നിവയുടെ സഹകരണത്തോടെ സമഗ്രമായ ക്ഷീര-വികസന പദ്ധതികൾ നടപ്പിൽ വരുത്തുന്ന കാര്യം പരിഗണനയിലാണ്. തീറ്റപ്പുൽകൃഷിവികസന പദ്ധതി, സമഗ്ര ക്ഷീരവികസന പദ്ധതി എന്നിവ ആരംഭിയ്ക്കാനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.

ക്ഷീരമേഖലയിൽ കറവക്കാരുടെ ക്ഷാമം പരിഹരിക്കുന്നതിന് മിനി ഡയറി യൂണിറ്റുകൾക്ക് കറവ യന്ത്രം സ്ഥാപിക്കുന്നതിനുള്ള പദ്ധതി 2016-17—ൽ നടപ്പിലാക്കും. ഒരു ഗുണഭോക്താവിന് പരമാവധി 25,000/- രൂപയാണ് ധനസഹായം ലഭിക്കുന്നത്. 650-തോളം കർഷകർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക.

സെക്ഷൻ ഓഫീസർ.